## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:- 573 — 23/05/2017 ൽ മറുപടിയ്ക്ക്

## ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ.ഡി.കെ.മുരളി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| എ) കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കി മാറ്റാനുദ്ദേശിച്ചുകൊണ്ടുള്ള ആശ്രയ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | എ) 2017-18 സാമ്പത്തിക വർഷം മുതൽ മൂന്നു വർഷം കൊണ്ട് കേരളത്തെ അഗതിരഹിത കേരളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ വഴി ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ നിലവിലുള്ളതും നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴുവൻ അഗതികളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശസ്വയം ഭരണതലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| ബി) പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹരായവരെ കണ്ടെത്താനുള്ള നടപടികൾ പൂർത്തീകരിച്ചോ ; | ബി) ഇല്ല |
| സി) അഗതികളുടെ വാസത്തിനും ഭക്ഷണം, ആരോഗ്യപരിരക്ഷ തുടങ്ങിയവയ്ക്കും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | സി) പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. തദ്ദേശസ്വയം ഭരണസ്ഥാപന തലത്തിൽ പങ്കാളിത്ത സർവ്വേയിലൂടെ കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച ഒരു കുടുംബ പദ്ധതി തയ്യാറാക്കുന്നു. പ്രസ്തുത പദ്ധതി യിൽ ടി കുടുംബത്തിന് ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, സാനിട്ടേഷൻ, ആരോഗ്യപരിരക്ഷ തുടർചികിൽസ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ഫണ്ട് വകയിരുത്തുന്നു. കേന്ദ്ര- |

സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളിൽ നിന്നും, കുടുംബശ്രീ ചലഞ്ച് ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് ധനസ്രോതസ്സുകൾ എന്നിവയിൽ നിന്നും ഇതിലേയ്ക്കാവശ്യമായ തുക കണ്ടെത്തുന്നു. പദ്ധതി കാലാവധി 3 വർഷമാണ്.

സെക്ഷൻ ഓഫീസർ